**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2363** **13-09-2023 - ൽ മറുപടിയ്ക്ക്**

**നാഷണൽ ഹെൽത്ത് മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | നാഷണൽ ഹെൽത്ത് മിഷൻ സ്റ്റേറ്റ് തസ്തികകളിൽ ഡെപ്യൂട്ടേഷൻ നൽകുന്നത് പരമാവധി എത്ര കാലാവധിക്കാണെന്ന് വ്യക്തമാക്കാമോ; | (എ) | നാഷണൽ ഹെൽത്ത് മിഷനിൽ ഡെപ്യൂട്ടേഷനിൽ ജോലി നോക്കുന്ന ഉദ്യോഗസ്ഥർക്ക് സർക്കാർ ഉത്തരവ് പ്രകാരം ഒരു വർഷത്തേക്ക് ഡെപ്യൂട്ടേഷൻ അനുവദിക്കുന്നതും, തുടർന്ന് മാതൃ വകുപ്പിൽ നിന്നും നിരാക്ഷേപ പത്രം ലഭിച്ച ശേഷം സർക്കാരിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഡെപ്യൂട്ടേഷൻ കാലാവധി ദീർഘിപ്പിച്ച് നൽകുന്നതുമാണ്. |
| (ബി) | നാഷണൽ ഹെൽത്ത് മിഷന്റെ സ്റ്റേറ്റ് എച്ച്.ആർ. മാനേജർ തസ്തിക ഡെപ്യൂട്ടേഷൻ തസ്തിക ആണോ; ഈ തസ്തികയിൽ നിയമനത്തിനുള്ള മാനദണ്ഡം വിശദമാക്കാമോ; | (ബി) | നാഷണൽ ഹെൽത്ത് മിഷന്റെ സ്റ്റേറ്റ് എച്ച്.ആർ. മാനേജർ തസ്തിക ഡെപ്യൂട്ടേഷൻ തസ്തിക ആണ്. “കേന്ദ്ര/ സംസ്ഥാന ഗവൺമെന്റ്/ യു.ടി. അഡ്മിനിസ്ട്രേഷൻസ് അല്ലെങ്കിൽ സെൻട്രൽ സ്റ്റാറ്റ്യൂട്ടറി/ ഓട്ടോണമസ് ബോഡികൾക്ക് കീഴിലുള്ള അണ്ടർ സെക്രട്ടറി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥർ, അംഗീകൃത സർവ്വകലാശാലാ ബിരുദവും അഡ്മിനിസ്ട്രേഷൻ, എസ്റ്റാബ്ലിഷ്മെന്റ് കാര്യങ്ങളിൽ അനുഭവപരിചയവും ഉള്ളവർ” എന്നതാണ് ഈ തസ്തികയിൽ നിയമനത്തിനുള്ള മാനദണ്ഡം. |
| (സി) | പ്രസ്തുത തസ്തികയിലെ ഉദ്യോഗസ്ഥൻ എത്ര കാലമായി ഡെപ്യൂട്ടേഷനിൽ തുടരുന്നുവെന്ന് അറിയിക്കാമോ? | (സി) | 02.11.2016 മുതൽ ഡെപ്യൂട്ടേഷനിൽ തുടരുന്നു. |

സെക്ഷൻ ഓഫീസർ